## പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.87** — **28.05.2019-ൽ മറുപടിയ്ക്ക്**

### ലൈറ്റ് മെട്രോ പദ്ധതി

**ചോദ്യം**

**ശ്രീ.കെ.മുരളീധരൻ**

(എ) കോഴിക്കോട്, തിരുവനന്തപുരം ലൈറ്റ് മെട്രോ പദ്ധതിയുടെ ഭാഗമായുള്ള വിശദമായ പദ്ധതി റിപ്പോർട്ട് ഡി.എം.ആർ.സി നൽകിയിട്ടുണ്ടോ; എങ്കിൽ ഇതിന്മേലുള്ള നടപടികൾ ഏത് ഘട്ടത്തിലാണ്; വിശദമാക്കുമോ;

(ബി) ലൈറ്റ് മെട്രോയുടെ ഭാഗമായി നിർമ്മിക്കുന്ന മേല്പാലങ്ങളുടെ നിർമ്മാണ കരാർ 2018 മേയ് അവസാനത്തോടുകൂടി ഒപ്പിടാനാകുമെന്ന് ലൈറ്റ് മെട്രോ പദ്ധതിയുടെ ചുമതലയുള്ള കേരള റാപ്പിഡ് ട്രാൻസിറ്റ് കോർപ്പറേഷൻ ലിമിറ്റഡ്, ഡി.എം.ആർ.സി യെ രേഖാമൂലം അറിയിച്ചിരുന്നോ; പ്രസ്തുത കരാർ ഇതിനകം ഒപ്പുവയ്ക്കാത്തത് എന്തുകൊണ്ടാണെന്ന് അറിയിക്കുമോ;

**മറുപടി**

**പിണറായി വിജയൻ**
**(മുഖ്യമന്ത്രി)**

(എ) തിരുവനന്തപുരം, കോഴിക്കോട് ലൈറ്റ് മെട്രോ പദ്ധതികളുടെ പുതുക്കിയ പദ്ധതി രേഖ (DPR) 2017 ഡിസംബറിൽ ഡി.എം.ആർ.സി സമർപ്പിച്ചു. പുതുക്കിയ ഡി.പി.ആർ പരിശോധിച്ച് റിപ്പോർട്ട് നൽകാൻ ധനകാര്യ വകുപ്പ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ ഒരു ഉന്നതതല സമിതിയെ 2018 ഫിബ്രുവരിയിൽ സർക്കാർ ചുമതലപ്പെടുത്തി. പ്രസ്തുത സമിതി പുതുക്കിയ ഡി.പി.ആർ പരിശോധിച്ച് സർക്കാരിന് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിന്മേൽ തുടർനടപടികൾ സ്വീകരിച്ചു വരുന്നു.

(ബി) ലൈറ്റ് മെട്രോയുടെ ഭാഗമായി നിർമ്മിക്കുന്ന മേൽപ്പാലങ്ങളുടെ നിർമ്മാണ കരാർ കെ.ആർ.ടി.എൽ ന്റെ ഡയറക്ടർ ബോർഡിന്റെ അംഗീകാരത്തോടെ 2017 ഡിസംബർ 31- നകം ഒപ്പുവെക്കാം എന്നു പ്രതീക്ഷിക്കുന്നതായി ഡി.എം.ആർ.സി - യെ കെ.ആർ.ടി.എൽ അറിയിച്ചിരുന്നു.

18.12.2017 നു കൂടിയ കെ.ആർ.ടി.എൽ ബോർഡ് യോഗം മേൽപ്പാല നിർമ്മാണത്തിന് ഏതെങ്കിലും സ്ഥാപനത്തെ ടേൺ കീ അടിസ്ഥാനത്തിൽ നിയമിക്കുന്നതിനു പകരം ഓപ്പൺ ടെൻഡർ വഴി തെരഞ്ഞെടുക്കുന്നതിനാണ് തീരുമാനിച്ചത്.

| | | | |
|---|---|---|---|
| (സി) | കോഴിക്കോട്, തിരുവനന്തപുരം ലൈറ്റ് മെട്രോ പദ്ധതിയിൽ നിന്നും പിൻമാറുകയാണെന്ന് ഡി.എം.ആർ.സി രേഖാമൂലം അറിയിച്ചിട്ടുണ്ടോ; എങ്കിൽ അതിനുള്ള കാരണമെന്താണെന്ന് വ്യക്തമാക്കുമോ? | (സി) | തിരുവനന്തപുരം, കോഴിക്കോട് ലൈറ്റ് മെട്രോ പദ്ധതിയിൽ നിന്നും പിന്മാറുന്ന വിവരം ഡി.എം.ആർ.സി. രേഖാമൂലം അറിയിച്ചിട്ടുണ്ട്. ലൈറ്റ് മെട്രോ പദ്ധതികൾക്ക് മുന്നോടിയായുള്ള മേൽപ്പാലങ്ങളുടെ നിർമ്മാണ കരാർ ഒപ്പുവെക്കുന്നതിനുള്ള കാലതാമസമാണ് കാരണമായി ഡി.എം.ആർ.സി ചൂണ്ടിക്കാണിച്ചിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ